പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2534 12.2.2020 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ്

| ചോദ്യം<br>ശ്രീ.എം. സ്വരാജ് : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് പ്രളയത്തെ തുടർന്ന് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; | എ) യും ബി) യും | 2018-ലെ പ്രളയത്തെ തുടർന്ന് കേരളത്തിലെത്തിയ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ നവംബർ മാസത്തിൽ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 3,47,437-ഉം, വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 37,997 -ഉം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2018-ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 18,225 പേരുടെ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2019-ൽ സെപ്റ്റംബർ മാസം വരെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2019 സെപ്റ്റംബർ വരെയുള്ള കണക്ക് അന്തിമം ആക്കിയിട്ടുണ്ട്. ഇതനുസരിച്ച് പ്രളയം സൃഷ്ടിച്ച തിരിച്ചടികൾ മറികടന്ന് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84% -ഉം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48%-ഉം വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| ബി) | എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ